

# TRUE LIGHT

Illuminating the Truth

Faith City Church
SAINT JOHN

June 2026

# TABLE OF CONTENTS


03
Editorial
FIFA Fever or Kingdom Fire?
Serin Toms

04
Pastor's Column
Lord, Use Me. But also Lord, Keep Me Close
Pr. Sachin Mathew

05
ദുരന്തങ്ങളും ദുരിതങ്ങളും അതിജീവിക്കാൻ
Benjamin Edakkara

07
God Who Sees, Hears And Is Concerned
Evg. Simjan Jacob

08
Beware Of Warnings
Prakash V Mathew

09
ക്രിസ്തുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ
Pr. Blesson Joseph

10
God Who Turns Reproach In To Glory
Sherin Jijen

11
Trust In The Lord
Ruth Reji

12
ചെറിയവനെ വലിയവനാക്കുന്ന ദൈവം
Pr. Robinson Ponnachen

14
Noah's Ark
Serah Sujith




Editorial

Serin Toms

# FIFA Fever or Kingdom Fire?

## Where Is Our Greatest Passion?

The whole world is eagerly watching FIFA. Millions of people are excited, making plans, adjusting their schedules, and arranging their daily routines just to make time to watch their favorite teams play. Families prepare meals early, finish their responsibilities, and even change their prayer times so they can sit together and enjoy the game. The passion, excitement, and dedication are truly remarkable.

But it makes us think deeply: Do we have the same eagerness and preparation for the return of our Lord Jesus Christ?

The Bible reminds us that Jesus will come again. His return is not a distant story but a promise we should prepare for every day. In Matthew 24:44, Jesus says, “Therefore you also must be ready, for the Son of Man is coming at an hour you do not expect.”

How many of us intentionally set aside time to sit in God’s presence, meditate on His Word, and strengthen our relationship with Him? How many of us eagerly wait for the voice of our Savior with the same excitement that people have while waiting for a sports event?

The things of this world can capture our attention for a few hours, but the things of God have eternal value. We carefully plan our schedules for temporary events, yet sometimes we struggle to dedicate even a few moments to prayer, worship, and reading the Bible.
Jesus said in Matthew 6:33, “But seek first the kingdom of God and His righteousness, and all these things will be added to you.” When we make God our priority, our hearts become ready for His coming.

Let us examine our lives. Are we more excited about earthly events than the greatest event in history the return of our Lord? Let us cultivate a hunger for God’s presence, spend time in prayer, treasure His Word, and live with a heart that eagerly awaits His coming.
One day, the trumpet will sound, and the King of Kings will return. May we not be found unprepared, but may we be a people who can joyfully say, “Come, Lord Jesus!” (Revelation 22:20)

Let our greatest anticipation not be for the things happening on earth, but for the glorious day when we see our Savior face to face.

Pastor's Column



Pr. Sachin Mathew
Faith City Church



# "Lord, Use Me" But also, "Lord, Keep Me Close"

A ship rarely goes off course because of one dramatic turn. More often, it drifts little by little—through unnoticed currents, neglected corrections, and small movements that seem harmless at first. In much the same way, our spiritual lives do not usually decline all at once. We drift quietly, slowly, almost without realizing it. That is one of the sobering lessons we learn from the life of Gideon.

When we first meet Gideon in Judges 6, he is not standing like a hero. He is hiding in a winepress, threshing wheat in fear because the Midianites have oppressed Israel. Yet it is there—in weakness, confusion, and insecurity—that the Lord meets him. God greets him with words that seem almost impossible: "The Lord is with you, mighty warrior." Gideon did not feel strong, and he certainly did not look brave. But God called him not merely by what he was, but by what God's grace would make him.

That truth is an encouragement to every believer. God often finds us in hidden places—when we are tired, uncertain, burdened, or afraid. He does not wait until we feel ready before He speaks His purpose over our lives. His calling is rooted in His presence, not in our confidence. The strength we need does not begin with us; it begins with the Lord who says, "I will be with you."

But Gideon's story does not end with victory. God used him mightily, reducing his army so that no one could mistake the source of triumph. The battle belonged to the Lord. Yet later, after success, Gideon began to drift. The man who once depended on God slowly allowed compromise, ambition, and misplaced devotion to enter his life. His story reminds us that the season after victory can sometimes be more dangerous than the season of struggle. Many of us know how to cry out to God in trouble, but it takes grace and vigilance to stay humble when life is going well.

This is where Gideon's life becomes deeply personal for us. It is possible to begin in surrender and later rely on ourselves. It is possible to experience God's help in one season and then grow careless in the next. Spiritual drift often begins quietly—in small compromises, hidden pride, or a heart that slowly moves away from simple dependence on the Lord. Outward success does not always mean inward faithfulness.

The good news is that the same God who called Gideon in weakness is the God who still calls us back when we begin to drift. He is merciful enough to meet us in the winepress, and He is merciful enough to warn us after the battle. The prayer of a faithful believer is not only, "Lord, use me," but also, "Lord, keep me close." We do not simply need grace to start well; we need grace to remain humble, obedient, and surrendered all the way to the end.

Today, let Gideon's story lead you to quiet reflection. Are you in a season of fear, needing courage? God is with you. Are you in a season of blessing, needing humility? Stay near Him. The safest place in every season—whether in weakness or in victory—is at the feet of the Lord. May our prayer be this: "Lord, let me not only be called by grace, but kept by surrender."



ബഞ്ചമിൻ ഇടക്കര

# ദുരന്തങ്ങളും ദുരിതങ്ങളും അതിജീവിക്കാൻ



ഭൂകമ്പങ്ങൾ, പ്രളയങ്ങൾ, യുദ്ധങ്ങൾ, മഹാമാരികൾ, സാമ്പത്തിക തകർച്ചകൾ, നാണ്യപ്പെരുപ്പം ഇവയൊക്കെയാൽ നാം ജീവിക്കുന്ന ലോകം ദുരന്തങ്ങളുടെ നിഴലിൽ നിരന്തരം വിറങ്ങലിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ശാസ്ത്ര പുരോഗതിയും സാങ്കേതിക നേട്ടങ്ങളും വർധിച്ചിട്ടും, ദുരന്തങ്ങളിൽ നിന്ന് പൂർണ സുരക്ഷ നേടാൻ അവന് ഇന്നും കഴിഞ്ഞിട്ടില്ല. ഓരോ തലമുറയും ഏതെങ്കിലും രൂപത്തിലുള്ള പ്രതിസന്ധികളെയും നഷ്ടങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടാണ് ചരിത്രത്തിലൂടെ കടന്നുപോയിട്ടുള്ളത്. അടുത്ത നിമിഷം നമ്മുടെ മുന്നിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്കറിയില്ല. കുടുംബത്തിലും, ജോലിയിലും, ആത്മീയ ജീവിതത്തിലും നമ്മൾക്ക് വെല്ലുവിളികൾ ഉണ്ട്. കൂടാതെ അപ്രതീക്ഷി തമായ അടിയന്തര സാഹചര്യങ്ങളും നമ്മെ ആകെ സമ്മർദ്ദത്തിലാക്കുന്നു!.

അവിചാരിതമായി വ്യക്തി ജീവിതങ്ങളിൽ വന്നടിക്കുന്ന അതിഭയങ്കരമായ കൊടുങ്കാറ്റുകളെ നേരിടാൻ അധികമാരും കൂടെയുണ്ടാകില്ല. ആൾക്കൂട്ടത്തിൽ തനിയെ സഞ്ചരിക്കുന്നവരാണവർ. അത്തരം ദുരന്തങ്ങൾ തങ്ങളുടെ ജീവിതത്തിൽ വന്നു ഭവിക്കുന്നതുവരെ ആൾക്കൂട്ടത്തി ലുള്ളവർക്കു ഈ ഒറ്റപ്പെട്ടവരുടെ ദുരന്തത്തിന്റെ കാഠിന്യം മനസ്സിലാക്കാനാവില്ല. കാൻസർ, അൽഷൈമേഴ്സ്, പാർക്കിൻസൻ തുടങ്ങിയ മാരകരോഗങ്ങൾ, വളർച്ചാ വെല്ലുവിളികളെ നേരിടുന്ന കുഞ്ഞുങ്ങൾ, വിവാഹ മോചനത്തിന്റെ വക്കിൽ എത്തിനിൽക്കുന്ന ദാമ്പത്യ ജീവിതം, വഴിപിഴച്ച കുഞ്ഞുങ്ങൾ... അങ്ങനെ എന്തെല്ലാം!. ഇതിനെയെല്ലാം നോക്കി ന്യായവിധിയുടെ ന്യായപ്രമാണം കാണിച്ചു പരിഹസിക്കുന്ന 'ഭക്ത സമൂഹം' എരിതീയിൽ എണ്ണ പകരുന്നവരാണ്.

നിങ്ങളുടെ കാര്യമാണ് ഇതെന്ന് തോന്നുന്നുവെങ്കിൽ തീർച്ചയായും നിങ്ങളിപ്പോൾ ഒരു ദുരന്തത്തിൻറെ മധ്യത്തിലൂടെ കടന്നുപോകുകയാണ്.അങ്ങനെയൊരു തോന്നൽ നിങ്ങൾക്കുണ്ടാകുന്നില്ലെങ്കിൽ ഒരു പക്ഷെ വളരെ വൈകാതെ ഈ കൊടുങ്കാറ്റു നിങ്ങളുടെ ജീവിതത്തിലും അടിക്കാനുള്ള സാധ്യത തള്ളിക്കളയാ നാകില്ല. മുന്നറിയിപ്പ് കൂടാതെ ആരുടേയും ജീവിതത്തിനെതിരെ ഈ കാറ്റടിക്കാം എന്നകാര്യം മറന്നു പോകരുത്. സംശയമുണ്ടെങ്കിൽ ഇയ്യോബിനോട് ചോദിച്ചാൽ മതി. നിങ്ങളുടെ ആരോഗ്യമോ, സമ്പത്തോ, സാമൂഹിക സ്വാധീനമോ, ആത്മീയമോ അതിനു പ്രശ്നമല്ല. രോഗങ്ങൾ മാത്രമല്ല, ആയുഷ്ക്കാലം മുഴുവൻ വേദന തിന്നു കഴിയുന്ന എന്തെല്ലാം ദുരന്തങ്ങൾ വേറെയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മനസ്സാക്ഷി മരവിക്കാത്ത ആരും ചോദിക്കുന്ന ഒരു ക്ലാസ്സിക്കൽ ചോദ്യമുണ്ട്: 'എന്തുകൊണ്ട് ദൈവമേ!' മനുഷ്യവർഗ്ഗത്തിൽ ആർക്കും ഉത്തരം നൽകാൻ കഴിയാത്ത ചോദ്യമായതിനാലാണ് നിരീശ്വരവാദികൾ പോലും ഈ ചോദ്യം ദൈവത്തോട് ചോദിക്കുന്നത്!

ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ദൈവവിശ്വാസികൾ തുടക്കത്തിൽ തങ്ങളുടെ വിശ്വാസം കൊണ്ട് അതിനെ കീഴടക്കാൻ ശ്രമിക്കാറുണ്ട്. പ്രാർത്ഥന, ഉപവാസം, പ്രവചനം എന്നിവകൊണ്ട് വിടുതൽ ലഭിക്കുമെന്നാണ് അവരെ പഠിപ്പിച്ചിരിക്കുന്നത്. അതിൽ ഭാഗീഗമായ സത്യമുണ്ടെങ്കിലും ജീവിതത്തിലെ കൊടുങ്കാറ്റുകളെ എങ്ങനെ അതിജീവിക്കാൻ കഴിയുമെന്ന് അധികമാരും ആരും അവരെ പഠിപ്പിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ നല്ലൊരു ശതമാനം ആളുകളും തങ്ങളുടെ വിശ്വാസത്തിൽ അടിപതറുന്നു. നാലു നാളായാലും നാറ്റം വമിച്ചാലും വിടുതൽ നൽകുന്ന ഒരു ദൈവത്തെക്കുറിച്ചേ അവർ കേട്ടിട്ടുള്ളു. ഏറ്റവും ഒടുവിൽ 'എന്തുകൊണ്ട് ദൈവമേ' എന്ന് അവരും ചോദിക്കുന്നു. ക്രൈസ്തവ വിശ്വാസികൾ ദൈവത്തിന്റെ ഹിതമറിയാൻ ആശ്രയിക്കേണ്ടത് തിരുവചനത്തെയാണ്. ദൈവത്തെക്കുറിച്ചു അറിയേണ്ടുന്ന കാര്യങ്ങൾ അതിൽ ഉണ്ടെങ്കിലും, അതിനേക്കാളുപരി മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്ന പുസ്തകമാണത്. ആയതിനാൽ നിശ്ചയമായും നമ്മുടെ ചോദ്യത്തിനുള്ള ഉത്തരം അതിൽ കാണാതെപോകയില്ല.

ദുഷ്ടന്മാരുടെമേലും, നല്ലവരുടെമേലും സൂര്യനെ ഉദിപ്പിച്ചു, നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കുന്ന ദൈവത്തെയാണ് ബൈബിൾ പരിചയപ്പെടുത്തുന്നത് (മത്താ. 5:45). ഒരു വിവേചനവും കൂടാതെ സകല മനുഷ്യൻറെയും നിലനിൽപ്പിനു വേണ്ടുന്നതെല്ലാം പ്രകൃതിയിൽ കരുതിയിട്ടുള്ള ദൈവത്തെ ഈ വാക്യത്തിൽ കാണാം. മത്തായി 7:24,27 ലെ വാക്യങ്ങൾ ഒരു പ്രകൃതിക്ഷോഭം രണ്ടു വീടുകളെ എങ്ങനെ ബാധിക്കുന്നുവെന്ന് പറയുന്നു. ഒന്നാമത്തേത്: 'വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല'. രണ്ടാമത്തേത് മണലിന്മേൽ പണിതതാണ്. ആ വീട്ടിന്മേലും'വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു. ഇവിടെ ആലങ്കാരികമായി വീടെന്നു പറഞ്ഞിരിക്കുന്നതു നമ്മുടെ ജീവിതത്തെ ആണ്. യേശുവിന്റെ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീട് (ജീവിതം) പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു. യേശുവിന്റെ വചനങ്ങളെ കേട്ട് ചെയ്യാത്തവരൊക്കെ മണലിന്മേൽ വീട് പണിത മനുഷ്യനോട് തുല്യനാകുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം മഴയും കാറ്റും പ്രവാഹവും എല്ലാ മനുഷ്യരുടെ ജീവിതത്തിലും കടന്നു വരുമെന്നാണ്. എന്നാൽ ദൈവത്തിന്റെ

വചനത്തിൽ അടിസ്ഥാനമിട്ടു ജീവിതം പണിതാൽ ജീവിതത്തിൽ നേരിടുന്ന കൊടുങ്കാറ്റിനെയും, പ്രളയത്തെയും അതിജീവിക്കാനാകും.

ഇയ്യോബ് എന്ന കഥാപുരുഷൻ തന്റെ ജീവിതത്തിൽ നേരിട്ടതുപോലൊരു ദുരന്തം മനുഷ്യ ചരിത്രത്തിൽ മറ്റാർക്കെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. ദൈവം തന്നെ ഏറ്റവും നീതിമാനെന്നു അംഗീകരിച്ചിട്ടുള്ള ഒരാൾക്കു എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് ? ലോകാരംഭം മുതൽ മനുഷ്യമനസ്സിനെ ക്ലേശിപ്പിക്കുന്ന ഒരു ചോദ്യമാണിത്. ഇയ്യോബ് തന്നെ തന്റെ നിഷ്കളങ്കതയിൽ താൻ ചെയ്തിട്ടുള്ള നീതി പ്രവൃത്തികൾകൊണ്ട് തനിക്കു നേരിട്ട പരിശോധനയെ വിലയിരുത്താനാകാതെ പകച്ചു പോയി. ഇയ്യോബിന്റെ സ്നേഹിതന്മാരാകട്ടെ കൂട്ടുകാരന്റെ കുറ്റം കണ്ടുപിടിച്ചു പരിശോധനകൾക്ക് ന്യായം കണ്ടെത്താൻ വൃഥാ ശ്രമിക്കുകയായിരുന്നു. ഒരു പ്രശ്നമുണ്ടായാൽ അത് നമ്മുടെ കുറ്റം കൊണ്ടാണെന്ന് വിധിയെഴുതാൻ തിടുക്കം കാണിക്കുന്നവരാണ് നമ്മൾ.

ആത്മപരിശോധന എല്ലായ്പ്പോഴും നല്ലതുതന്നെ. എന്നാൽ യേശുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ച പാറമേൽ വീട് പണിത ഒരു ദൈവ പൈതലിനെ കഴിഞ്ഞകാല പാപങ്ങൾ വേട്ടയാടുവാൻ ഈ വീട്ടിന്മേൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകളെ അനുവദിക്കരുത്. പരിശോധനകൾ പല കാരണങ്ങളാൽ സംഭവിക്കാം. രോഗം വന്നയാൾക്കേ അതിലൂടെ സൗഖ്യം നൽകുന്ന ദൈവത്തെ അനുഭവിച്ചറിയാനാകൂ. ചിലപ്പോൾ നമ്മെ താഴ്മ പഠിപ്പിക്കുന്നതിനായിരിക്കും. നമ്മുടെ ജീവിതത്തിന്റെ ശുദ്ധീകരണത്തിനും പരിശോധനകൾ സഹായകരമാണ്. നമ്മെ അച്ചടക്കം പഠിപ്പിക്കുവാനും പരിശോധനകളയച്ചെന്നു വരും. മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു (എബ്രാ.12:5,6). എന്നുവെച്ചു എല്ലാ പരിശോധനകളും ദൈവത്തിൽ നിന്നാണെന്നു കരുതുന്നതും ശരിയല്ല. മണലിന്മേൽ വീട് പണിതയാൾ മഴയെയും പ്രളയത്തെയും കുറ്റപ്പെടുത്തുന്നതുപോലെയാണ് നമ്മുടെ തെറ്റായ തിരഞ്ഞെടുപ്പുകാരണം വന്നുഭവിക്കുന്ന ദുരന്തങ്ങൾക്ക് ദൈവത്തെ പഴിചാരുന്നത്.

ഇയ്യോബിന്റെ പരിശോധയുടെ കാരണങ്ങൾ ആ ചരിത്രം വായിച്ചിട്ടുള്ളവർക്കറിയാം. പിശാചും ദൈവവും തമ്മിലുള്ള പോരാട്ടത്തിന്റെ ഇരയാണ് താനെന്നു ഇയ്യോബിന് വേണമെങ്കിൽ പറയാം. എന്നാൽ ഈ പരിശോധനയിലുള്ള ദൈവീക പദ്ധതി ഇയ്യോബിന് വെളിപ്പെട്ടുവെന്നതാണ് അതിലെ ശ്രേഷ്ഠമായ കാര്യം. അതായതു എന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരം ഇയ്യോബ് ഒടുവിൽ കണ്ടെത്തി. ആ സംഭവത്തിന്റെ പരിസമാപ്തിയിൽ ഇയ്യോബ് യഹോവയോടു ഉത്തരം പറഞ്ഞത്: 'ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു' (ഇയ്യൊബ് 42:5). നമ്മുടെയെല്ലാം ചോദ്യങ്ങൾക്കുള്ള ഉത്തരവും ഇയ്യോബിന്റെ കണ്ടെത്തലിൽ ഉണ്ട്. ഇയ്യോബിനെപ്പോലെ നമ്മുടെ പ്രശ്നങ്ങളുടെ മധ്യത്തിൽ ദൈവസാന്നിധ്യം അനുഭവിച്ചറിയുമ്പോൾ എന്തുകൊണ്ടെന്നുള്ള നമ്മുടെ ചോദ്യത്തിന് പ്രസക്തിയില്ലാതാകും.

**'ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് ' എന്ന് വാക്കു പറഞ്ഞ യേശുവിന്റെ സാന്നിധ്യം ഈ ദുരന്തങ്ങളെയും ദുരിതങ്ങളെയും നേരിടാൻ തീർച്ചയായും നമ്മെ സഹായിക്കും.**







Evg. Simjan Jacob

# GOD WHO SEES, HEARS AND IS CONCERNED!

**Exodus 3:7**
**The Lord said, "I have indeed seen the misery of my people in Egypt. I have heard them crying out because of their slave drivers, and I am concerned about their suffering".**

The assurance of a child of God is that God sees, hears, and is concerned about us. Some of our prayers may not be answered in the time we expect. Some of our prayers may not be answered in the way we want. Some of our prayers may not be answered at all. But one thing is assured "God sees, hears, and is concerned about us".

In Christian history, we heard about George Muller, who lived a life that was one of the greatest demonstrations of answered prayer. When he died, he had 50,000 documented answers to prayer! It seems in eleven years, he had received five thousand answers to prayer.

In the course of his lifetime, he had received some thirty thousand answers to prayer within the same day of asking; for some things, he had been praying every day for over thirty years, and the answer hadn't come. It is said that he prayed for 63 years for one man to come to Christ before that man ended up doing so!

"Don't let yesterday's seemingly unanswered prayers stop you from praying in faith today."
George Muller





Prakash V Mathew

# Beware of Warnings

**"For whatsoever things were written aforetime were written for our learning, that we through patience and comfort of the scriptures might have hope."( Romans 15:4).**

The more we live in God's word, the stronger our spiritual life will become. Referring to the old testament, Paul wrote:" everything that was written in the past was written to reach us, so that through endurance and encouragement of the scriptures, we might have hope."

After recounting how God used Moses to bring Israel out of Egypt, Paul wrote, " these things happened to them as examples and we're written as warnings for us." ( 1 Corinthians 10:11). God intends us to learn and apply personally the examples found in the Bible. Every example found in God's word is for our edification.

May the Lord help us to mature our spiritual life from the bread of life. Certainly there is life in God's word. Written word should turn out to be Rhema. We live in a world where Satan spread several traps. Just as Israelites faced manifold enemies in their journey through the wilderness, we too may face trials.

But , the captain of the army is ahead us to clear all obstacles. We need to trust Him and discern all possible diversions. Take care of all warnings in the scriptures.



# ‘ക്രിസ്തുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ’ (ഫിലിപ്പിയർ 2:5)

Pr. Blesson Joseph

ബൈബിളിലെ പുതിയ നിയമത്തിൽ, അപ്പോസ്തലനായ പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിലെ ഏറ്റവും മനോഹരവും ശക്തവുമായ ഒരു ആഹ്വാനമാണിത്. കേവലം ഒരു ഉപദേശത്തിനപ്പുറം, ഓരോ ക്രൈസ്തവനും തന്റെ ദൈനംദിന ജീവിതത്തിൽ പുലർത്തേണ്ട മനോഭാവത്തെയാണ് ഈ വചനം വിരൽചൂണ്ടുന്നത്.

**ക്രിസ്തുവിന്റെ ഭാവം എന്നാൽ എന്താണ് ?**

ക്രിസ്തുവിന്റെ ഭാവം എന്നാൽ **സ്നേഹം, താഴ്മ, അനുസരണം, ത്യാഗം** എന്നിവയുടെ സമാഹാരമാണ്. പൗലോസ് ശ്ലീഹാ തുടർന്നു പറയുന്ന വാക്യങ്ങളിൽ ക്രിസ്തുവിന്റെ ഭാവത്തെ വ്യക്തമായി വിവരിക്കുന്നുണ്ട്.

**1) താഴ്മയും വിനയവും**

ദൈവമായിരുന്നിട്ടും യേശു തന്നെത്താൻ ശൂന്യനാക്കിക്കൊണ്ട് മനുഷ്യരൂപം സ്വീകരിച്ചു. മറ്റുള്ളവർക്ക് മീതെ അധികാരം സ്ഥാപിക്കാനല്ല, മറിച്ച് എല്ലാവരുടെയും ദാസനാകാനാണ് ക്രിസ്തു ശ്രമിച്ചത്.

**2) അനുസരണം**

പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് പൂർണ്ണമായി കീഴടങ്ങിക്കൊണ്ട്, ക്രൂശിലെ മരണത്തോളം അവൻ അനുസരണമുള്ളവനായി തീർന്നു.

**3) നിസ്വാർത്ഥത**

സ്വന്തം സുഖങ്ങളോ താല്പര്യങ്ങളോ നോക്കാതെ, ലോകത്തിന്റെ രക്ഷയ്ക്കായി സ്വന്തം ജീവൻ തന്നെ യേശു സമർപ്പിച്ചു.

**ഇന്നത്തെ സമൂഹത്തിൽ ഈ വചനത്തിന്റെ പ്രസക്തി;**

അഹംഭാവവും സ്വാർത്ഥതയും മത്സരബുദ്ധിയും നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ഈ വചനത്തിന് വലിയ പ്രസക്തിയുണ്ട്. കുടുംബങ്ങളിലും തൊഴിലിടങ്ങളിലും സമൂഹത്തിലും സമാധാനവും സന്തോഷവും നിലനിർത്താൻ ക്രിസ്തുവിന്റെ ഈ ഭാവം നമ്മെ സഹായിക്കും.

**1) ക്ഷമയും സഹിഷ്ണുതയും**

നമ്മെ മുറിപ്പെടുത്തുന്നവരോട് ക്ഷമിക്കാനും അവരെ സ്നേഹിക്കാനും ക്രിസ്തുവിന്റെ ഭാവം നമ്മെ പഠിപ്പിക്കുന്നു.

**2) മറ്റുള്ളവരെ ആദരിക്കൽ**

നമ്മെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതാനും, സഹജീവികളുടെ ആവശ്യങ്ങളിൽ പങ്കുചേരാനും ഈ മനോഭാവം നമ്മെ പ്രേരിപ്പിക്കുന്നു.

**3) സേവന മനോഭാവം**

അധികാരവും സ്ഥാനമാനങ്ങളും നേടുന്നതിനേക്കാൾ, മറ്റുള്ളവരെ സഹായിക്കാനും സേവിക്കാനും നമുക്ക് സാധിക്കണം.

**ഉപസംഹാരം**

ക്രിസ്തുവിന്റെ ഭാവം നമ്മിൽ ഉണ്ടാകുക എന്നത് ഒറ്റ ദിവസം കൊണ്ട് സംഭവിക്കുന്ന ഒന്നല്ല. അത് പ്രാർത്ഥനയിലൂടെയും ആത്മപരിശോധനയിലൂടെയും നിരന്തരമായ ആത്മീയ യാത്രയിലൂടെയും നേടിയെടുക്കേണ്ട ഒന്നാണ്. വാക്കിലും പ്രവർത്തിയിലും ചിന്തയിലും യേശുവിനെ മാതൃകയാക്കിക്കൊണ്ട്, അവനിലുള്ള അതേ മനോഭാവം നമ്മിലും വളർത്തിയെടുക്കാൻ നമുക്ക് ശ്രമിക്കാം.





Sherin Jijen

# GOD Who Turns Reproach In to GLORY

We have all experienced reproach at some point in our lives. Sometimes, we have no answers to give except a weeping heart. People see only what is on the outside, but God knows our hearts. He is faithful and able to change our situation, no matter what we ase going through, because Jesus Christ bore the ultimate reproach in this world. He suffered public mocking, ridicule and rejection from those who around him.

**Some examples can be found in the Old Testament**

**Sarah, the wife of Abraham,** She is known for her remarkable beauty and devotion to God. Sarah faced the deep sorrow of being unable to bear children for many years. She was despised by her maid. But God fullfilled his promise to her and blessed with a son Isaac to her old age. It is a testimony of God's faithfulness even when circumstances seem impossible.

**Rachel, she was the beloved wife of Jacob.** He served Laban seven additional years for Rachel. She struggled with infertility. God remembered her and gave a son Joseph and taken away her reproach.

**Hannah, she was one of the two wives of Elkana.** He gave her a worthy portion. But she was greatly provoked and distressed by Peninnah, because she had no children. In her sorrow, Hannah prayed earnestly to God and he answered her a son Samuel, who later became a prophet and judge of Israel.

**Jeremiah 32:27 - Behold, I am the LORD, the God of all flesh, is there anything too hard for me?**

God is able to reverse the most difficult situations, removing shame, reproach and insecurity and replacing them with joy, purpose and blessing according to his will.

# TRUST *in the* LORD

**Trust not on your own understanding but in the Lord.**

Whatever you do, seek His guidance all the time.Most of the time, we tend to trust our instincts first and then run to God after we mess up.

Seek God first. His plans are way better than ours and knows us better than ourselves. Jesus always loves to answer better than we ask.

So, remember to always trust in the Lord and not lean on our own understanding. Submit all your plans to the Lord and have faith that He will do what is necessary for us. We think we need everything but God knows what's necessary at that point of time!





Ruth Reji

the.potters.clayy



Pr. Robinson Ponnachen



# ചെറിയവനെ വലിയനാക്കുന്ന ദൈവം

ആ വഴിയിലൂടെ നടന്നു പോകുന്നതിനിടയിലാണ് കൊട്ടാരത്തിന്റെ പടിവാതിൽക്കൽ ഇരുന്ന ഒരാളിലേക്ക് എന്റെ ശ്രദ്ധ പതിഞ്ഞത്. പ്രായത്തിന്റെ ഗൗരവം മുഖത്ത് തെളിഞ്ഞിരുന്ന അദ്ദേഹത്തെ ചുറ്റി പലരും കൂടി ഇരുന്ന് സംസാരിക്കുന്ന കാഴ്ച കൗതുകമുണർത്തി. അദ്ദേഹത്തോട് പേര് ചോദിക്കണമെന്നു മനസ്സിൽ കരുതുമ്പോഴേക്കും ആരോ വന്ന്, മൊർദ്ദെഖായിയെ രാജകൊട്ടാരത്തിലേക്ക് വിളിക്കുന്നു എന്നു പറഞ്ഞു.

അപ്പോൾ തന്നെ അദ്ദേഹം സാധാരണക്കാരനല്ലെന്ന് എനിക്ക് ബോധ്യമായി. അദ്ദേഹം കൊട്ടാരത്തിലേക്ക് പോയശേഷം അവിടെ നിന്നവരോട് ഞാൻ ചോദിച്ചു: ആരാണീ മനുഷ്യൻ? അവർ മറുപടി പറഞ്ഞു: അത് മൊർദ്ദെഖായിയാണ്.

ചെറിയ മനുഷ്യൻ എന്നർത്ഥം വരുന്ന ആ പേരിന്റെ ഉടമയെക്കുറിച്ച് കൂടുതൽ അന്വേഷിച്ചപ്പോൾ, അദ്ദേഹം യഥാർത്ഥത്തിൽ മഹാനായ ഒരാളാണെന്ന് മനസ്സിലായി. അടിമകളിൽ ഒരുവനായി ജീവിച്ചിരുന്നെങ്കിലും, സത്യദൈവത്തെ മുറുകെപ്പിടിച്ച് അവനെ മാത്രം ആരാധിച്ചവൻ; ആരുടെയും മുൻപിൽ തലകുനിക്കാത്ത ധീരൻ. പലരും വിശ്വാസം വിട്ടുമാറുകയും ചുറ്റുപാടുകളോട് അനുരൂപപ്പെടുകയും ചെയ്ത കാലത്ത്, തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്ന വ്യക്തിത്വമായിരുന്നു മൊർദ്ദെഖായി എന്ന് അവർ സാക്ഷ്യപ്പെടുത്തി.

ആ മനുഷ്യനെക്കുറിച്ച് കുറച്ചുകൂടി അറിയണം, എന്ന് ഞാൻ പറഞ്ഞപ്പോൾ അവർ പറഞ്ഞ കഥ എന്നെ കൂടുതൽ അത്ഭുതപ്പെടുത്തി. സഹോദരന്റെ മകളെ സ്വന്തം മകളായി ഏറ്റെടുത്ത് വളർത്തുകയും, പിന്നീട് അവളെ രാജകൊട്ടാരത്തിലേക്ക് എത്തിക്കുകയും ചെയ്ത മഹത്തായ ഹൃദയത്തിന്റെ ഉടമയായിരുന്നു മൊർദ്ദെഖായി.

സ്വന്തം നേട്ടങ്ങൾക്കായി പലരും രക്തബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും പോലും മറക്കുന്ന കാലഘട്ടത്തിൽ, അനാഥയായ ഒരു പെൺകുട്ടിക്ക് സ്നേഹവും സംരക്ഷണവും നൽകി അവളുടെ ജീവിതത്തിന് പുതിയ ദിശ തുറന്നുകൊടുത്തത് നിസ്സാര കാര്യമല്ല. അത് മനുഷ്യത്വത്തിന്റെ ഉജ്ജ്വലമായ ഒരു മാതൃക തന്നെയായിരുന്നു.

അറിയാതെ തന്നെ എന്റെ മനസ്സിൽ അദ്ദേഹത്തോടുള്ള ആദരവ് വർധിച്ചു. ആരും തിരിഞ്ഞുനോക്കാത്ത ഒരു അനാഥയെ സ്വന്തം മകളായി വളർത്തി, നല്ലൊരു ഭാവിയിലേക്ക് കൈപിടിച്ചുനടത്തി, രാജകൊട്ടാരത്തിന്റെ ഉയരങ്ങളിലെത്തിച്ച ആ ചെറിയ മനുഷ്യൻ യഥാർത്ഥത്തിൽ എത്ര മഹാനായ വ്യക്തിത്വമാണെന്ന് ഞാൻ വിസ്മയത്തോടെ ചിന്തിച്ചു.

ഞാൻ അവിടെ നിന്നവരോട് ചോദിച്ചു: എന്തിനാണ് മൊർദ്ദെഖായിയെ രാജകൊട്ടാരത്തിലേക്ക് വിളിച്ചിരിക്കുന്നത്? അവർ പറഞ്ഞു: കുറച്ചുനാളുകൾക്ക് മുമ്പ് അദ്ദേഹം രാജാവിന്റെ ജീവൻ രക്ഷിച്ച ഒരാളാണ്. രാജാവിനെ വധിക്കാൻ നടത്തിയ ഗൂഢാലോചനയെക്കുറിച്ച് കൃത്യസമയത്ത് വിവരം നൽകി അദ്ദേഹം ആ അപകടം തടഞ്ഞു.

അത് കേട്ടപ്പോൾ എന്റെ വിസ്മയം വർധിച്ചു. ശരിയായ സമയത്ത് അദ്ദേഹം ഇടപെട്ടില്ലായിരുന്നുവെങ്കിൽ രാജാവിന്റെ ജീവിതവും ഒരുപക്ഷേ ഭരണവും അവിടെത്തന്നെ അവസാനിച്ചേനേ. എന്നാൽ പടിവാതിൽക്കൽ ശാന്തമായി ഇരുന്ന ആ മനുഷ്യൻ, ജാഗ്രതയും വിശ്വസ്തതയും കൊണ്ട് ചരിത്രത്തിന്റെ ഗതി തന്നെ മാറ്റിമറിച്ചു.

വീണ്ടും ഞാൻ ചിന്തിച്ചു: ഈ ചെറിയ മനുഷ്യന് ഇത്ര വലിയ കാര്യങ്ങൾ ചെയ്യാൻ എങ്ങനെ സാധിക്കുന്നു? സ്ഥാനത്തിന്റെ ഉയരമല്ല, വ്യക്തിത്വത്തിന്റെ മഹത്വമാണ് ഒരാളെ വലിയവനാക്കുന്നതെന്ന് മൊർദ്ദെഖായി തന്റെ ജീവിതംകൊണ്ട് തെളിയിച്ചിരുന്നു. ആ ചിന്ത മനസ്സിലൂടെ

കടന്നുപോയ നിമിഷം, എവിടെനിന്നോ ഉയരുന്ന കരഘോഷങ്ങൾ ഞാൻ കേൾക്കുന്നതുപോലെ തോന്നി. അപ്പോൾ എന്റെ ഹൃദയം പറഞ്ഞു:

പേരിൽ ചെറിയവൻ; പ്രവർത്തിയിൽ മഹാനായ മനുഷ്യൻ; ഇതാ മൊർദ്ദെഖായി.

ഞാൻ അവിടെയുണ്ടായിരുന്നവരോട് ചോദിച്ചു: രാജാവിന്റെ ജീവൻ രക്ഷിച്ച ഈ മനുഷ്യന് രാജാവ് വലിയ പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടാവുമല്ലോ?

അവർ വിഷാദഭാവത്തോടെ മറുപടി പറഞ്ഞു: ഇല്ല, ഇതുവരെയും അദ്ദേഹത്തിന് ഒരു പ്രതിഫലവും ലഭിച്ചിട്ടില്ല.

ആ മറുപടി എന്നെ അത്ഭുതപ്പെടുത്തി. രാജാവിന്റെ ജീവൻ രക്ഷിച്ച ഒരാളെ എങ്ങനെ മറക്കാൻ കഴിഞ്ഞു? ഒരുപക്ഷേ രാജാവ് മറന്നുപോയതാകാം; അല്ലെങ്കിൽ അദ്ദേഹം ഒരു സാധാരണ മനുഷ്യനാണെന്നു കരുതിയതാകാം. അങ്ങനെ ചിന്തിച്ചുനിൽക്കുമ്പോഴാണ് ജനക്കൂട്ടത്തിന്റെ ആരവം എന്റെ ശ്രദ്ധ പിടിച്ചുപറ്റിയത്.

കരഘോഷങ്ങൾക്കിടയിൽ രാജകീയ വേഷം ധരിച്ച ഒരാളെ കുതിരപ്പുറത്ത് ആനയിച്ചുകൊണ്ടുവരുന്നു. ആരാണെന്നറിയാൻ ഞാനും ജനക്കൂട്ടത്തോടൊപ്പം മുന്നോട്ട് നീങ്ങി. കണ്ട കാഴ്ച എന്നെ വിസ്മയിപ്പിച്ചു. ഞങ്ങൾ ഇത്രനേരം സംസാരിച്ചുകൊണ്ടിരുന്ന ആ മൊർദ്ദെഖായി തന്നെയായിരുന്നു അത്. രാജാവിന്റെ വസ്ത്രവും കിരീടവും ധരിച്ച് അദ്ദേഹം പട്ടണവീഥികളിലൂടെ ആനയിക്കപ്പെടുന്നു. മുൻപിൽ ഒരാൾ ഉറക്കെ പ്രഖ്യാപിക്കുന്നുണ്ടായിരുന്നു:

രാജാവു ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷന്നു ഇങ്ങനെ ചെയ്യും.

പിന്നീടാണ് ആ ബഹുമതിയുടെ പിന്നിലെ ദൈവിക ഇടപെടൽ ഞാൻ അറിഞ്ഞത്. അന്നത്തെ രാത്രി രാജാവിന് ഉറക്കം നഷ്ടമായി. ദിനവൃത്താന്തപുസ്തകം വായിപ്പിച്ചപ്പോൾ, തന്റെ ജീവൻ രക്ഷിച്ച മൊർദ്ദെഖായിക്ക് യാതൊരു പ്രതിഫലവും നൽകിയിട്ടില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. പിറ്റേന്ന് രാവിലെ തന്നെ രാജാവ് ആദ്യം ചെയ്തത് ആ വിശ്വസ്തനായ മനുഷ്യനെ ആദരിക്കുകയായിരുന്നു.

അങ്ങനെ പട്ടണത്തിന്റെ പടിവാതിൽക്കൽ ഇരുന്നിരുന്ന ആ ചെറിയ മനുഷ്യൻ എല്ലാവർക്കും അറിയപ്പെടുന്ന മഹാനായി. ചുറ്റുമുണ്ടായിരുന്ന ജനങ്ങളുടെ സന്തോഷവും കണ്ണീരിന്റെ തിളക്കവും കണ്ടപ്പോൾ, ദൈവം ഒരാളെ മാനിക്കേണ്ട സമയം വന്നാൽ അവനെ എങ്ങനെ ഉയർത്തുന്നു എന്ന് ഞാൻ നേരിൽ കാണുകയായിരുന്നു.

എന്നാൽ എന്നെ ഏറ്റവും കൂടുതൽ സ്പർശിച്ചത് മറ്റൊന്നായിരുന്നു. അല്പസമയത്തിനുശേഷം ഞാൻ വീണ്ടും നോക്കിയപ്പോൾ, മൊർദ്ദെഖായി പഴയതുപോലെ രാജാവിന്റെ വാതിൽക്കൽ മടങ്ങിയെത്തിയിരുന്നു (എസ്ഥേർ 6:12). ലഭിച്ച ബഹുമതികളും കരഘോഷങ്ങളും അദ്ദേഹത്തെ മാറ്റിയില്ല. ലോകം നൽകുന്ന അംഗീകാരങ്ങളെക്കാൾ ദൈവം നൽകുന്ന മാന്യതയ്ക്കായിരുന്നു അദ്ദേഹം വിലകല്പിച്ചത്. അതുകൊണ്ടുതന്നെ കൂടുതൽ ഉയർച്ചയ്ക്കായി ദൈവം അദ്ദേഹത്തെ ഒരുക്കിക്കൊണ്ടിരുന്നു.

കാലം കടന്നുപോയി. യാത്ര പറയാനായി ഞാൻ വീണ്ടും അവിടെയുള്ളവരെ കണ്ടപ്പോൾ അവർ സന്തോഷത്തോടെ പറഞ്ഞു:

മൊർദ്ദെഖായിയെക്കുറിച്ച് കേട്ടോ? ഇപ്പോൾ അദ്ദേഹം രാജാവിന്റെ രണ്ടാമനായി മാനിക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹത്തെയും ജനത്തെയും നശിപ്പിക്കാൻ ശ്രമിച്ച ഹാമാൻ ന്യായവിധി ഏറ്റുവാങ്ങി. മൊർദ്ദെഖായിയുടെ പ്രാർത്ഥനയും ഉപവാസവും വിശ്വസ്തതയും ദൈവം കണ്ടു. അങ്ങനെ അദ്ദേഹം രാജാവിന്റെ രണ്ടാമനായും ജനത്തിന്റെ പ്രിയങ്കരനായും ഉയർത്തപ്പെട്ടു (എസ്ഥേർ 10:3).

അത് കേട്ടപ്പോൾ എന്റെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു. കണ്ണുകളും അറിയാതെ നനഞ്ഞുപോയി. കാരണം ഞാൻ ഒരു സത്യം മനസ്സിലാക്കിയിരുന്നു:

ചെറിയവനെ വലിയവനാക്കുന്ന ഒരു ദൈവമുണ്ട്.

വിശ്വസ്തതയോടെ നിൽക്കുന്നവരെയും, പ്രമാണം കാത്തുസൂക്ഷിക്കുന്നവരെയും, താഴ്മയോടെ ദൈവസന്നിധിയിൽ നടക്കുന്നവരെയും ദൈവം തന്റെ സമയത്ത് ഉയർത്തും. വചനം പറയുന്നു:

'യഹോവെക്കായി പ്രത്യാശിച്ചു അവന്റെ വഴി പ്രമാണിച്ചു നടക്ക; എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയർത്തും' (സങ്കീർത്തനങ്ങൾ 37:34).

പ്രിയരേ, പ്രമാണങ്ങളെ വിട്ട് സ്ഥാനമാനങ്ങൾക്കായി ഓടുന്ന ഈ കാലഘട്ടത്തിൽ മൊർദ്ദെഖായിയുടെ ജീവിതം നമ്മോട് ഒരു മഹത്തായ സന്ദേശം സംസാരിക്കുന്നു: യഹോവയിൽ പ്രത്യാശവെച്ച് അവന്റെ വഴിയിൽ നടന്നാൽ, അവൻ തന്റെ സമയത്ത് നമ്മെയും മാനിക്കുകയും ഉയർത്തുകയും ചെയ്യും. ആ വഴിയിൽ വിശ്വസ്തരായി നിലനിൽക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ..


Serah Sujith


Noah's Ark
By Serah Sujith























OUR SERVICES

Sunday

9.30 AM - 11.00 AM
(English Service)
11.30 AM - 1.00 PM
(Malayalam Service)

Saturday

Bible Study
9.00 AM - 10.30 AM
(Online - Zoom)

FAITH CITY CHURCH
Saint John , NB, Canada

Contct Us

+1(506)898-4691
cfaithcity@gmail.com
www.faithcitychurch.in

Follow Us

Faith City Church

Location

509 Woodward Avenue,
Saint John, NB - E2K4N1